**QP CODE**

**H1014**

**Enrollment Number: ………………**

**Name: ………………………………**

**BA DEGREE EXAMINATIONS, FEBRUARY 2026**
**Fourth Semester**
**B.A. Malayalam Language and Literature**
**B21ML04DC – മലയാള സാഹിത്യവിമർശനം**
**(2023 July Admissions)**

**Time: 3 Hours** **Max Marks: 70**

**സെക്ഷൻ എ**

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സാഹിത്യലോകത്ത് മറ്റൊരു പേരിൽ പ്രസിദ്ധനാണ്. എന്താണ് ആ പേര് ?
2. വ്യാകരണം, കാവ്യമീമാംസ എന്നിവയെക്കുറിച്ച് എ. ആർ. രാജരാജവർമ്മ എഴുതിയ കൃതികൾ ഏതെല്ലാം ?
3. പി. കെ നാരായണപിള്ളയുടെ അഭിപ്രായത്തിൽ എഴുത്തച്ഛൻ കവിതകളുടെ ദുർബലഭാഗം ഏതാണ് ?
4. കേരളവർമ്മയും എ. ആർ. രാജരാജവർമ്മയും പരിഭാഷപ്പെടുത്തിയ കാളിദാസന്റെ നാടകം ഏതാണ് ?
5. 'നോവൽ പ്രസ്ഥാനങ്ങൾ'- എന്ന കൃതി ആരെഴുതിയതാണ് ?
6. ജി. ശങ്കരക്കുറുപ്പിന്റെ കവിതകൾ പഠനവിധേയമാക്കുന്ന സുകുമാർ അഴീക്കോടിന്റെ പുസ്തകം ഏതാണ് ?
7. കെ. ദാമോദരൻ എഴുതിയ രാഷ്ട്രീയനാടകം ഏതാണ് ?
8. 'വിമർശകത്രയം' എന്നറിയപ്പെടുന്ന മലയാള സാഹിത്യവിമർശകർ ആരെല്ലാം?
9. 'ആയഞ്ചേരി വല്യശമാൻ'- ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്ന രചനയാണ്? ആരാണ് കർത്താവ് ?
10. പോത്തേരി കുഞ്ഞമ്പു എഴുതിയ നോവൽ ഏതാണ് ?
11. ആരുടെ പ്രസംഗമാണ് 'സാഗരഗർജ്ജനം' എന്ന് വിശേഷിപ്പിക്കപ്പെട്ടത്? ആരാണ് അങ്ങനെ വിശേഷിപ്പിച്ചത്?
12. പെണ്ണെഴുത്ത് എന്ന പ്രയോഗത്തിന് തുടക്കം കുറിച്ചത് ഒരു അവതാരികയാണ്. ഏത് കൃതിയുടെ അവതാരിക?
13. ആരെയാണ് 'ശക്തിയുടെ കവി' എന്ന് വിശേപ്പിക്കുന്നത്?
14. ലോകത്താകെയുള്ള പരിസ്ഥിതി പ്രവർത്തനങ്ങളെ സ്വാധീനിച്ച അമേരിക്കൻ കൃതി ഏത് ?
15. 'ഇവനെക്കൂടി' എന്ന കവിതയുടെ പ്രമേയം എന്താണ് ?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

16. പോഷകവിമർശകൻ എന്ന് കേരളവർമ്മയെ വിളിക്കാൻ കാരണമെന്ത് ?
17. പ്രാസവാദത്തിലെ രണ്ട് പക്ഷങ്ങൾ വിവരിക്കുക.
18. റിയലിസം എന്തെന്ന് വ്യക്തമാക്കുക.
19. ഫ്യൂച്ചറിസ്റ്റ് എഴുത്തുകാർ ആരെ മാതൃകയാക്കണം എന്നാണ് കേസരിയുടെ അഭിപ്രായം?
20. കെ. പി. അപ്പന്റെ വിമർശനത്തിന്റെ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുക.
21. ഐന്തിണകൾ ഏതെല്ലാം?
22. എന്താണ് ഈഡിപ്പസ് കോംപ്ലക്സ് എന്ന് വ്യക്തമാക്കുക?
23. ജെ.ദേവികയെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക.
24. ‘പൊതുകല’ എന്ന് പ്രദീപൻ പാമ്പിരികുന്ന് വിളിക്കുന്ന കലകളുടെ പ്രത്യേകത എന്ത് ?
25. എസ്. വി. വേണുഗോപൻ നായരുടെ ‘വെള്ളപ്പൊക്കത്തിൽ’ എന്ന കഥയുടെ പ്രമേയം എന്താണ്?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. കാവ്യരചനയുടെ ഹേതുക്കളെക്കുറിച്ച് കേരളവർമ്മയുടെ അഭിപ്രായങ്ങൾ സമ്മാനദാനപ്രസംഗത്തെ അടിസ്ഥാനമാക്കി ക്രോഡീകരിക്കുക.
27. നളിനിയുടെ അവതാരികയിലെ നിരീക്ഷണങ്ങൾ എന്തെല്ലാമായിരുന്നു?
28. പി. കെ. നാരായണപിള്ളയുടെ അധ്യാത്മരാമായണം നിരൂപണത്തിന്റെ ഉള്ളടക്കം ചുരുക്കി അവതരിപ്പിക്കുക.
29. കേസരി പരിചയപ്പെടുത്തുന്ന ഫ്യൂച്ചറിസത്തിന്റെ സവിശേഷതകൾ വിവരിക്കുക.
30. ബാല്യകാലസഖിയിൽ മരണത്തെക്കാൾ ദാരുണമായ അനുഭവങ്ങളുണ്ട് എന്ന എം. പി. പോളിന്റെ നിരീക്ഷണം സാധുവാണോ ? പരിശോധിക്കുക.
31. ടാഗോറിന്റെ രചനകളെക്കുറിച്ചുള്ള അഴീക്കോടിന്റെ നിരീക്ഷണങ്ങൾ ചുരുക്കി വിവരിക്കുക.
32. ‘കാല്പനികവാദിയായ അന്യൻ’- എന്ന വിശേഷണം ഇടപ്പള്ളിക്ക് എത്രമാത്രം ചേരുമെന്ന് പരിശോധിക്കുക.
33. ’നല്ലവനായ കാട്ടാളൻ’- എന്ന ലേഖനം അവതരിപ്പിക്കുന്ന കാട്ടാളൻ എന്ന വിമോചകബിംബത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.
34. ദേശത്ത് നിന്നും പുറത്താക്കപ്പെട്ടവരാണ് ആധുനിക നോവലിലെ മിക്ക കഥാപാത്രങ്ങളും എന്ന ഇ. വി. രാമകൃഷ്ണന്റെ കാഴ്ചപ്പാടിനോട് യോജിക്കുന്നുണ്ടോ? കാര്യകാരണ സഹിതം വിശദമാക്കുക.

# QP CODE

# H1014

35. പ്രദീപൻ പാമ്പിരികുന്നിന്റെ അഭിപ്രായത്തിൽ സാഹിത്യചരിത്രങ്ങൾക്ക് പരിമിതിയുണ്ട്. എന്താണ് ആ പരിമിതി?
36. 'മലയാളസാഹിത്യത്തിലെ തായ്കുലം' എന്ന പഠനം മുന്നോട്ട് വെക്കുന്ന ആശയങ്ങൾ എന്താണ് ?
37. 'മഴ മലയാളകവിതയിൽ' എന്ന ലേഖനത്തിലൂടെ ജി. മധുസൂദനൻ അവതരിപ്പിക്കുന്ന ആശയങ്ങൾ സംഗ്രഹിക്കുക.

**(5X6=30)**

**സെക്ഷൻ ഡി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. മലയാളസാഹിത്യവിമർശനമേഖലയിൽ കേരളവർമ്മ, സി. പി. അച്ചുതമേനോൻ, എ. ആർ രാജരാജവർമ്മ, പി. കെ. നാരായണപിള്ള എന്നിവരുടെ സംഭാവനകൾ വിലയിരുത്തുക.
39. കേസരിയും എം. ഗോവിന്ദനും മുന്നോട്ടുവെച്ച സാഹിത്യദർശനം താരതമ്യം ചെയ്യുക.
40. ജെ. ദേവികയുടെയും പ്രദീപൻ പാമ്പിരികുന്നിന്റെയും നിരീക്ഷണങ്ങൾ മലയാള വിമർശനത്തിന്റെ പൊതുവഴിയിൽ നിന്നുള്ള മാറിനടപ്പാണോ ? പരിശോധിക്കുക.
41. ഇടശ്ശേരിയുടെ കവിതയെക്കുറിച്ചുള്ള കല്പറ്റ നാരായണന്റെയും സച്ചിദാനന്ദന്റെയും മൂന്ന് നിരീക്ഷണങ്ങൾ സമാഹരിക്കുക.

**(10X2=20)**